സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ജനറൽ പ്രോവിഡന്റ് ഫണ്ടിൽ കുറവ് ചെയ്ത പലിശ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 4576 /14/Est-I** നന്തൻകോട്, **30 /06/2017**

---

പരാമർശം :- 1) 31-1-2015 ലെ മേൽ നമ്പർ ഉത്തരവ്.

2) G.O (P) No. 11/2017/Fin dated 31-1-2017.

3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 13-4-2017 ലെ DA 214/14/TEPF നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേവസ്വം ബോർഡ് ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലെ തുകയ്ക്കുള്ള പലിശ 2013-14 സാമ്പത്തിക വർഷങ്ങളിൽ 8.7 % ആയി വർദ്ധിപ്പിച്ച് പരാമർശം 1 -ൽ ഉത്തരവായി. പരാമർശം 2 ഉത്തരവിൻപ്രകാരം 2016-17 വർഷത്തിൽ 01-10-2016 മുതൽ പി.എഫ്. തുകയുടെ പലിശ നിരക്ക് 8 % ആയി കുറച്ചിട്ടുള്ളതാണ്.

ആകയാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ 2016-17 ലെ 01-10-2016 മുതലുള്ള പി.എഫ്. അക്കൗണ്ടുകളിലെ തുകയ്ക്കുള്ള പലിശ നിരക്ക് 8% ആയി കുറയ്ക്കുന്നതിനും ടി കാലയളവിൽ പി.എഫ്. അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടുള്ള ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ പലിശയിനത്തിൽ അധികമായി നൽകിയിട്ടുള്ള തുക തിരികെ ഈടാക്കുന്നതിനും അനുവദിക്കണമെന്ന് വിവരിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -3).

ബോർഡ് ടി വിഷയം പരിശോധിച്ചു ചർച്ച ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജനറൽ പ്രോവിഡന്റ് ഫണ്ട് റൂൾ നടപ്പിലാക്കിയിട്ടുള്ളതിനാൽ ദേവസ്വം ബോർഡ് ജീവനക്കാരുടെ 2016-17 ലെ 01-10-2016 മുതലുള്ള പി.എഫ്. അക്കൗണ്ടുകളിലെ തുകയ്ക്കുള്ള പലിശ നിരക്ക് 8% ആയി കുറച്ചും ടി കാലയളവിൽ പി.എഫ്. അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടുള്ള ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ പലിശയിനത്തിൽ അധികമായി നൽകിയിട്ടുള്ള തുക തിരികെ ഈടാക്കുന്നതിനും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

അസിസ്റ്റന്റ് സെക്രട്ടറി, ശബരിമല സെൽ

(ഇൻ അഡീഷണൽ ചാർജ്)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ – നടപടിക്കായി
3. ഇ.ഡി.പി. സെക്ഷൻ
4. അക്കൗണ്ട്സ് സെക്ഷൻ, ദേവസ്വം ബോർഡ് ആഫീസ്
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി,
'സി' സെക്ഷൻ

SK